**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 239** **10-03-2025 - ൽ മറുപടിയ്ക്ക്**

**മത്സ്യമേഖലയിലെ സൂക്ഷ്മ തൊഴിൽസംരംഭങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീമതി യു പ്രതിഭ ,<br>ശ്രീ വി കെ പ്രശാന്ത് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മത്സ്യമേഖലയിലെ വനിതകളുടെ വരുമാനം ഉറപ്പിക്കുന്നതിനുവേണ്ടി സാഫ് മുഖേന എത്ര സൂക്ഷ്മ തൊഴിൽസംരംഭങ്ങൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്; അവയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന മത്സ്യത്തൊഴിലാളി വനിതകൾക്ക് സ്ഥിര വരുമാനവും തൊഴിലും ഉറപ്പുവരുത്തുന്നതിനായി ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് 2010 മുതൽ എല്ലാ തീരദേശ ജില്ലകളിലും മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിലും വരുമാനവും ലഭ്യമാക്കുന്നതിന് തീരമൈത്രി പദ്ധതി ആരംഭിച്ചു. വിവിധ പദ്ധതികളുടെ കീഴിൽ ആരംഭിച്ച ചെറുകിട തൊഴിൽ സംരംഭക യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പ് കണക്കിലെടുത്ത് 2010 മുതൽ ടി യൂണിറ്റുകളെ തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നു. സാഫിന്റെ കീഴിൽ നാളിതുവരെ 3544 ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.<br><br>സാഫിന്റെ കീഴിൽ ആരംഭിച്ച യൂണിറ്റുകളുടെ പ്രവർത്തനം വിലയിരുത്തുന്നതിനായി ഫിഷറീസ് അസിസ്റ്റന്റ് ഡയറക്ടർക്ക് ജില്ലാ നോഡൽ ഓഫീസർമാരുടെ ചുമതല നൽകിയിട്ടുണ്ട്. ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ (FEO), അസിസ്റ്റന്റ് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ (AFEO), ഫിഷറീസ് ഓഫീസർ (FO) എന്നിവർ അസിസ്റ്റന്റ് നോഡൽ ഓഫീസർമാരായി പ്രവർത്തിക്കുന്നു. ഫീൽഡ്തല പ്രവർത്തനങ്ങൾ നടത്തുന്നതിനായി മിഷൻ കോ- ഓർഡിനേറ്റർമാരെ നിയമിച്ചിട്ടുണ്ട്. മിഷൻ കോ-ഓർഡിനേറ്റർമാർ യൂണിറ്റുകൾ സന്ദർശിച്ച് ആവശ്യമായ നിർദ്ദേശങ്ങളും സഹായങ്ങളും നൽകുകയും പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സഹായിക്കുകയും ചെയ്യുന്നു.<br><br>പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ സാഫ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി തീരമൈത്രി മാനേജ്മെന്റ് കൗൺസിലുകൾ (ടി.എം.സി) പ്രവർത്തിച്ചുവരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ പ്രസിഡന്റ്/ ചെയർമാൻ/ മേയർ, ടി.എം.സി ചെയർമാനും മത്സ്യഭവൻ ഓഫീസർ |

ട്രഷററും വൈസ് ചെയർമാൻ, കൺവീനർ എന്നിവരായി യൂണിറ്റംഗങ്ങളും സി.ഡി.എസ് അംഗം മെമ്പറും ആയ ഭരണഘടനയിലാണ് ടി.എം.സി.കൾ പ്രവർത്തിച്ചുവരുന്നത്. യൂണിറ്റുകളുമായുള്ള ഇടപെടലുകൾ, യൂണിറ്റുകളുമായി മീറ്റിങ്ങുകൾ സംഘടിപ്പിക്കുക, ആവശ്യമായ ധനസഹായങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുക, യൂണിറ്റംഗങ്ങൾ തമ്മിലുള്ള പ്രശ്നങ്ങൾ പരിഹരിക്കുക, റിവോൾവിംഗ് ഫണ്ട് വിതരണവും തിരിച്ചടവും കൃത്യമാക്കുക എന്നിവ ടി.എം.സി.കൾ വഴി ചെയ്തു വരുന്നു. ടി.എം.സി തലത്തിലുള്ള വിലയിരുത്തൽ യൂണിറ്റുകൾക്ക് വളരെയധികം പ്രയോജനം ചെയ്തു വരുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ലഭിക്കുന്ന ആനുകൂല്യങ്ങൾ യൂണിറ്റുകൾക്ക് ലഭ്യമാക്കി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സാധിച്ചിട്ടുണ്ട്

(ബി) പ്രസ്തുത തൊഴിൽ സംരംഭങ്ങളിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന എത്ര സംരംഭങ്ങൾ ഉണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) സാഫിന്റെ കീഴിൽ വിവിധ പദ്ധതികളിലായി നിലവിൽ പ്രവർത്തിക്കുന്ന 1660 യൂണിറ്റുകളിൽ 1008 യൂണിറ്റുകളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. ജില്ല തിരിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ജില്ല | യൂണിറ്റുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 65 |
| 2 | കൊല്ലം | 129 |
| 3 | പത്തനംതിട്ട | 6 |
| 4 | കോട്ടയം | 109 |
| 5 | ഇടുക്കി | 7 |
| 6 | ആലപ്പുഴ | 130 |
| 7 | എറണാകുളം | 196 |
| 8 | തൃശ്ശൂർ | 166 |
| 9 | പാലക്കാട് | 1 |
| 10 | മലപ്പുറം | 61 |
| 11 | കോഴിക്കോട് | 61 |
| 12 | വയനാട് | 1 |
| 13 | കണ്ണൂർ | 24 |
| 14 | കാസർഗോഡ് | 52 |
| | ആകെ | 1008 |

(സി) പ്രവർത്തനമികവ് ഇല്ലാത്ത സംഘങ്ങളെ ശാക്തീകരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

(സി) പ്രവർത്തനമികവ് ഇല്ലാത്ത തൊഴിൽ സംരംഭങ്ങളെ പ്രവർത്തന ക്ഷമമാക്കുന്നതിനും അവയെ ശാക്തീകരിക്കുന്നതിനും വിവിധ പരിപാടികളും പ്രവർത്തനങ്ങളും സാഫ് വഴി നടപ്പിലാക്കുന്നു. ജില്ലകളിൽ

സേവനമനുഷ്ഠിക്കുന്ന സാഫിന്റെ നോഡൽ ഓഫീസർമാരും മിഷൻ കോ- ഓർഡിനേറ്റർമാരും ഇത്തരത്തിലുള്ള യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന നൽകി അവയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പ്രത്യേക സഹായങ്ങൾ നൽകുന്നു.

പഞ്ചായത്ത്/മുൻസിപ്പാലിറ്റി/ കോർപ്പറേഷൻ തലത്തിൽ സാഫ് യൂണിറ്റുകളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി രൂപീകരിച്ചിരിക്കുന്ന തീരമൈത്രി മാനേജ്മെന്റ് കൗൺസിലുകൾ (ടി.എം.സി) ഇത്തരം യൂണിറ്റുകൾക്ക് പ്രത്യേക പരിഗണന നൽകുന്നു. പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി യൂണിറ്റുകളുമായി ചർച്ചകൾ നടത്തുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്ത് വരുന്നു.

ചെറുകിട തൊഴിൽ സംരംഭങ്ങളുടെ നിലനിൽപ്പും സുസ്ഥിര വികസനവും മുൻനിർത്തി പ്രവർത്തനം മെച്ചപ്പെടുത്തേണ്ട യൂണിറ്റുകൾക്ക് വേണ്ടി ഓരോ ജില്ലയിലും പ്രോജക്ട് ക്ലിനിക്കുകൾ നടത്തുന്നു. ഓരോ യൂണിറ്റിന്റെയും പ്രശ്നങ്ങൾ സൂക്ഷ്മമായി പരിശോധിക്കുകയും ആവശ്യമായ നിർദേശങ്ങൾ പ്രോജക്ട് ക്ലിനിക്കിൽ നൽകുകയും ചെയ്യുന്നു. ഓരോ യൂണിറ്റിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സാങ്കേതിക പിന്തുണ, ലൊക്കേഷൻ മാറ്റം, ഗ്രൂപ്പ് അംഗത്തിലെ മാറ്റം, ക്രെഡിറ്റ് സപ്പോർട്ട്, മാർക്കറ്റിംഗ് സഹായം, പരിശീലനങ്ങൾ തുടങ്ങിയവ നൽകി വരുന്നു.

യൂണിറ്റുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി താഴെപ്പറയുന്ന സഹായങ്ങൾ ചെയ്ത് വരുന്നു.

**വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട്**

പലിശരഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. ഗ്രൂപ്പുകളുടെ തിരിച്ചടവിന്റെ ശേഷിയും ശരാശരി വിറ്റുവരവും കണക്കിലെടുത്ത് ചെറുകിട യൂണിറ്റുകൾക്ക് 25,000/- രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സൂപ്പർമാർക്കറ്റുകൾ, കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റെസ്റ്റോറന്റുകൾ എന്നിവയ്ക്ക് 1.50 ലക്ഷം രൂപ വരെയും പലിശരഹിതവായ്പ നൽകുന്നു. കൃത്യമായി തിരിച്ചടക്കുന്ന യൂണിറ്റുകൾക്ക് വീണ്ടും റിവോൾവിംഗ് ഫണ്ട് അനുവദിക്കുന്നു. 450 ലക്ഷം രൂപ റിവോൾവ് ചെയ്തു വരുന്നു

**ടെക്നോളജി ഇംപ്രൂവ്മെന്റ്**

ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി ഗ്രൂപ്പുകൾക്ക് അവരുടെ സാങ്കേതികവിദ്യാ നവീകരണത്തിനും തേയ്മാനം സംഭവിച്ച യന്ത്രഭാഗങ്ങൾ മാറ്റുന്നതിനും പുതിയവ കൂട്ടി ചേർക്കുന്നതിനുമായി Technology Improvement

ധനസഹായം നൽകുന്നു. ഒരു ഗ്രൂപ്പിന് പരമാവധി 50,000/- രൂപ വരെ തിരിച്ചടവില്ലാത്ത ഗ്രാന്റായി നൽകുന്നു. സ്ഥിര മൂലധനത്തിന്റെ 75 ശതമാനം ഗ്രാന്റാണ്. ബാക്കി 25 ശതമാനം ബാങ്ക് ലോണോ ഗുണഭോക്തൃവിഹിതമോ ആണ്.

**യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ**

ആക്ടിവിറ്റി ഗ്രൂപ്പുകളെ ബിസിനസ്സ് ഗ്രൂപ്പുകളായി ഉയർത്തുന്നതിന്റെ ഭാഗമായി ഗ്രൂപ്പുകൾക്ക് ബാങ്കിൽ നിന്നും 5 ലക്ഷം രൂപ വരെ ലോൺ വാങ്ങുന്നതിനായി സാഹചര്യമൊരുക്കുന്നു. ഇങ്ങനെ ലോണായി വാങ്ങുന്ന സംഖ്യയ്ക്ക് 5% നിരക്കിൽ പലിശ സബ്സിഡി അനുവദിക്കുന്നു.

**കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ**

തൊഴിൽ സംരംഭങ്ങൾ മികവുറ്റതാക്കുന്നതിനായി വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകിവരുന്നു. അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയിനിംഗ്, മാനേജ്മെന്റ് ട്രെയിനിംഗ്, ബുക്ക്കീപ്പിംങ്ങ് അക്കൗണ്ടിങ്ങ് ട്രെയിനിംഗ് തുടങ്ങിയ പരിശീലനങ്ങൾ നൽകുന്നു. ഇതുകൂടാതെ സംരംഭം നല്ല രീതിയിൽ മുന്നോട്ട് കൊണ്ടുപോകുന്നതിനാവശ്യമായ സ്കിൽ ട്രെയിനിങ്ങുകളും പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സ്കിൽ അപ്ഗ്രേഡേഷൻ ട്രെയിനിങ്ങുകളും നൽകുന്നു.

സാഫ് യൂണിറ്റുകളുടെ ഉൽപ്പന്നങ്ങളുടെ വിപണത്തിന് പ്രത്യേക ശ്രദ്ധ കൊടുക്കുന്നുണ്ട്. യൂണിറ്റുകളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ടി മേളകളിലും എക്സിബിഷനുകളിലും യൂണിറ്റുകളെ പങ്കെടുപ്പിക്കുന്നു. ഇതിലൂടെ സാഫ് ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുവാൻ കഴിയുന്നുണ്ട്. യൂണിറ്റുകളുടെ ഉൽപ്പന്നങ്ങൾ ആകർഷകമായ പാക്കിങ്ങിലും ലേബലിലും വിപണിയിൽ എത്തിക്കുന്നു. കൂടാതെ എല്ലാ ജില്ലകളിലും വിവിധ സ്ഥലങ്ങളിലായി മാസചന്തകൾ സംഘടിപ്പിച്ചുവരുന്നു. മായം ചേർക്കാത്ത ഉൽപ്പന്നങ്ങൾ ലഭ്യമാക്കുന്നു. ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി വിവിധ സ്ഥാപനങ്ങളിൽ നിന്ന് കുറഞ്ഞ പലിശ നിരക്കിൽ ലോണുകൾ ലഭ്യമാക്കുന്നു.

സെക്ഷൻ ഓഫീസർ